അടിയന്തിരം/സമയബന്ധിതം

നം.ബി3/25468/2004/കോ.വി.വ

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി, 03–01–2013.

# സർക്കുലർ

വിഷയം:– കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ കലാലയങ്ങളിലെ പൊതുവിഭാഗത്തിൽപ്പെട്ട സെലക്ഷൻ ഗ്രേഡ് ലക്ചറർമാരുടെ 14/03/1990 മുതലുള്ള സംയോജിത മുൻഗണനാപട്ടികയിലെ കൂട്ടിച്ചേർക്കൽ – സംബന്ധിച്ച്.

സൂചന:– 1. 27/01/2004 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഉത്തരവ് നമ്പർ ബി3/36704/2002.
2. അദ്ധ്യാപകരുടെ നിവേദനങ്ങൾ.

മേൽ സൂചന (1) ഉത്തരവ് അനുസരിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കാർ കലാലയങ്ങളിലെ പൊതുവിഭാഗത്തിൽപ്പെട്ട സെലക്ഷൻ ഗ്രേഡ് ലക്ചറർമാരുടെ 14/03/1990 മുതലുള്ള സംയോജിത മുൻഗണനാപട്ടികയിൽ പേരുകൾ കൂട്ടിച്ചേർക്കുന്നതിന് സൂചന (2) പ്രകാരം ലഭിച്ച അദ്ധ്യാപകരുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വരുത്തേണ്ട കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള താത്ക്കാലിക സീനിയോറിറ്റി ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

മേൽപ്പറഞ്ഞിട്ടുള്ള കൂട്ടിച്ചേർക്കൽ അംഗീകരിച്ച് ഉത്തരവാകുന്നതിൽ ഇതുമായി ബന്ധപ്പെട്ട ആർക്കെങ്കിലും പരാതിയോ ആക്ഷേപമോ ഉണ്ടെങ്കിൽ അവ തെളിയിയ്ക്കുന്നതിനുള്ള രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം

01/02/2013–ാം തീയതി 5 മണിയയ്ക്കു മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. പരാതികൾ ലഭിച്ചാൽ അവ പരിശോധിച്ച ശേഷവും പരാതികൾ ഇല്ലെങ്കിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലും ഉചിതമായ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നതാണെന്ന് ബന്ധപ്പെട്ട എല്ലാവരേയും അറിയിയ്ക്കുന്നു. 01/02/2013 നു ശേഷം ലഭിയ്ക്കുന്ന പരാതികൾ പരിഗണിയ്ക്കുന്നതല്ല.

അതാത് സ്ഥാപന മേധാവികൾ ഡെപ്യൂട്ടേഷനിലും അവധിയിലും ആയിരിയ്ക്കുന്നവർ ഉൾപ്പെടെ ബന്ധപ്പെട്ട എല്ലാവരേയും ഈ വിവരം ഉടനെ അറിയിയ്ക്കേണ്ടതും ബോധ്യപ്പെട്ടാൽ ഒപ്പു വാങ്ങി സൂക്ഷിയ്ക്കേണ്ടതും ടി സമയക്രമം പാലിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിയ്ക്കണമെന്നും അറിയിയ്ക്കുന്നു.

ഒപ്പ്
കെ. അജയകുമാർ. ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:

1) എല്ലാ സർക്കാർ ആർട്സ് & സയൻസ് കോളേജ്/ലോ/മെഡിക്കൽ/എഞ്ചിനീയറിങ്ങ്/ പോളിടെക്നിക്/മ്യൂസിക്/സംസ്കൃത കോളേജ് പ്രിൻസിപ്പാൾമാർക്ക്.
2) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3) എ/ബി സെക്ഷനുകൾക്ക്.
4) ബന്ധപ്പെട്ട വ്യക്തികൾക്ക് ( ക്രമ നം. 1, 3 എന്നിവർ സെലക്ഷൻ ഗ്രേഡ് പ്ലേസ്മെന്റ് ലഭിച്ച ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്)
5) കരുതൽ ഫയൽ/നടപ്പ് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

## സെലക്ഷൻ ഗ്രേഡ് ലക്ചറർമാരുടെ ബി3–36704/2002/കോ.വി.വ. തീയതി 27.01.2004 പ്രകാരമുള്ള സംയോജിത മുൻഗണനാപട്ടികയിലെ കൂട്ടിച്ചേർക്കൽ

| ക്രമ നം. | പട്ടികയിൽ നൽകിയിട്ടുള്ള സ്ഥാനം | പേര് | വിഷയം | ജനന തീയതി | പി.എസ്.സി. അഡ്വൈസ് തീയതി/ സർക്കാർ ഉത്തരവ് തീയതി | സെലക്ഷൻ ഗ്രേഡ് പ്ലേസ്മെന്റ് തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|---|---|
| 1 | 798 (എ1) | ബാലൻ.കെ. | മലയാളം | 10/01/1960 | 10/01/1986 | – | റാങ്ക് നം. 798(1) നും 798 നും മധ്യേയുള്ള സ്ഥാനം (സ്പെഷ്യൽ റിക്രൂട്ട്മെന്റ്) |
| 2 | 801 (എ) | ശ്രീകലാറാണി. എസ് | ഫിസിക്സ് | 01/04/1959 | 24/01/1984 | 27/07/1998 | – |
| 3 | 806 (ബി) | പി. ജയകുമാർ | കൊമേഴ്സ് | 13/09/1957 | 20/03/1986 | – | സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി ലക്ചറർ ആയുള്ള നിയമനം |
| 4 | 827 (എ) | ബെന്നോ ജോസഫ് | ജിയോളജി | 16/12/1959 | 24/09/1984 | 14/12/1999 | – |

ഒപ്പ്
കെ. അജയകുമാർ. ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്